തുറന്നുപ്രവർത്തിക്കുന്ന കാര്യം അത്രയെളുപ്പമുള്ളതല്ല. എങ്കിലും ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാം.

(16) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 13-4-1999-ൽ ഇറക്കിയ ഉത്തരവ് സംബന്ധിച്ച്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷ അയച്ച പലർക്കും സംവരണത്തിന്റെ ആനുകൂല്യം നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്. പിന്നോക്കക്കാരായ ഉദ്യോഗസ്ഥന്മാരുടെ മക്കൾക്കാണ് ഈ ആനുകൂല്യം നഷ്ടപ്പെടുന്നത്. 13-4-1999-ൽ സർക്കാർ ഇറക്കിയ ഉത്തരവനുസരിച്ച് ഉദ്യോഗസ്ഥന്റെ വാർഷിക വരുമാനം കണക്കാക്കാൻ പഴയ നിരക്കിലുള്ള ശമ്പളം കണക്കിലെടുക്കാൻ മതിയെന്നാണ്. എന്നാൽ ഈ ഉത്തരവിറക്കുന്നതിനുമുമ്പ് എൻട്രൻസിന് അപേക്ഷ സമർപ്പിച്ച സംവരണത്തിനർഹരായവർക്ക് ഇത് നഷ്ടപ്പെടുന്നു. അതേസമയം താമസിച്ച് അപേക്ഷിച്ച കുട്ടികൾക്ക് മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവരുടെ രക്ഷിതാക്കൾ പുതിയനിരക്കിലുള്ള ശമ്പളം വാങ്ങിക്കൊണ്ടിരുന്നവർ ഉണ്ടെങ്കിലും പഴയ നിരക്കിലുള്ള ശമ്പളത്തിന്റെയടിസ്ഥാനത്തിൽ വാർഷിക വരുമാന സർട്ടിഫിക്കറ്റ് ലഭിച്ചതുകാരണം സംവരണാനുകൂല്യം ലഭിക്കുകയും ചെയ്തു. നേരത്തെ അപേക്ഷിച്ചു പോയവർക്കുകൂടി സംവരണത്തിന്റെ ആനുകൂല്യം ലഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോൾ കെ.പി.സി.ആർ. ആനുകൂല്യങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാരുടെ കാര്യത്തിൽ വരുമാന പരിധി പുതുക്കി നിശ്ചയിച്ചത് 13-4-1999-ലാണ്. പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷാഫോറം കമ്മീഷണറുടെ കാര്യാലയത്തിൽ വിതരണം ചെയ്തു തുടങ്ങിയത് 19-4-1999-ലാണ്. പൂരിപ്പിച്ച അപേക്ഷകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി 12-5-1999-ൽ ആയിരുന്നു. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ആരുംതന്നെ അപേക്ഷ സമർപ്പിച്ചിരിക്കാൻ സാദ്ധ്യതയില്ലാത്തതും 13-4-1999-ലെ ഉത്തരവനുസരിച്ചുള്ള നിർദ്ദേശങ്ങൾ പാലിക്കാനാവശ്യമായ സമയം ലഭിച്ചിരുന്നതുമാണ്. ഇനി ആർക്കെങ്കിലും ഇതിന്റെ ആനുകൂല്യം നഷ്ടപ്പട്ടുവെങ്കിൽ ആ ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(17) കാസർഗോഡ് - കണ്ണൂർ ജില്ലകളിൽ ഉണ്ടായ വെള്ളപ്പൊക്കം

മി. സ്പീക്കർ : അടുത്തത് കൂട്ടായ സബ്മിഷൻ ആണ്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ പ്രതീക്ഷിച്ചിരിക്കാതുണ്ടായ വെള്ളപ്പൊക്കത്തിൽ ജീവഹാനിയും നാശനഷ്ടവും ഉണ്ട്. അത് സംബന്ധിച്ച് മന്ത്രിക്ക് മുൻകൂട്ടി നോട്ടീസ് കൊടുക്കാൻ പറ്റുകയില്ലല്ലോ? നോട്ടീസ് ഈ അടുത്ത സമയത്തൊക്കെ കിട്ടിയതേയുള്ളൂ. അതിന് നോട്ടീസ് നൽകിയിട്ടുള്ളത് ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. കെ.പി. സതീശ് ചന്ദ്രൻ, ശ്രീ. പി. രാഘവൻ, ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്), ശ്രീ. കെ.സി. ജോസഫ്, ശ്രീ. എം.വി.

LIBRARY ARCHIVES Kerala Legislative Assembly